# കേരള കാർഷിക സർവ്വകലാശാല

**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (ദക്ഷിണമേഖല)**

**വെള്ളായണി, തിരുവനന്തപുരം - 695 522**

*ഇ-മെയിൽ:* adrvellayani@kau.in

നമ്പർ.ആർ.എ.ആർ.എസ്./എസ്.ഇസഡ്(1)/1924/25 തീയതി. 24/04/2025

## വിജ്ഞാപനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം (ദക്ഷിണമേഖല), വെള്ളായണിയിൽ എൽ.ഡി.വി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് താല്ക്കാലികാടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി 30/04/2025 11 am ന് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഇന്റർവ്യൂവിൽ യോഗ്യരായ ആൾക്കാർക്ക് പ്രായോഗിക ക്ഷമതാ പരിശോധന അന്നേദിവസം തന്നെ നടത്തുന്നതായിരിക്കും. ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിനായി ഉദ്യോഗാർത്ഥികൾ അന്നേ ദിവസം രാവിലെ കൃത്യം 10.30 ന് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, വെള്ളായണിയിൽ ഹാജരാകേണ്ടതാണ്. ദിവസവേതനം 730/- രൂപ പ്രകാരം 59 ദിവസത്തേക്കാണ് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നത്.

യോഗ്യത

- 7-ാം ക്ലാസ് വിജയം
- സാധുവായ ഹെവി വെഹിക്കിൾ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം.
- ഡ്രൈവിംഗ് കാര്യക്ഷമത നിർണ്ണയിക്കുന്നത് സർവ്വകലാശാല നടത്തുന്ന പ്രാക്ടിക്കൽ ടെസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

<u>പ്രായപരിധി</u>

മിനിമം 18 വയസ്സ്, മാക്സിമം 36 വയസ്സ് (റിലാക്സേഷൻ ഗവൺമെന്റ് റൂൾസ് പ്രകാരം)

<u>പ്രവൃത്തി പരിചയം</u>

സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ലൈറ്റ്/ഹെവി വെഹിക്കിൾ ഡ്രൈവറായി ജോലി ചെയ്ത് പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകുന്നതായിരിക്കും.

താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത, വയസ്സ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.

ഡോ. ശാലിനി പിള്ള.പി
അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്

സ്വീകർത്താവ്: കെ.എ.യു-ആർ.എ.ആർ.എസ് (എസ്.ആർ) വെബ്സൈറ്റ്/നോട്ടീസ് ബോർഡ് (കോളേജ്, ഫാം)/സ്റ്റോക്ക് ഫയൽ.